**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1649** **31-08-2022 - ൽ മറുപടിയ്ക്ക്**

**കാർഷിക വികസന സമിതി യോഗങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാന കാർഷിക വികസന സമിതി എത്ര തവണ യോഗം ചേർന്നുവെന്നും ആയതിന്റെ തീയതിയും വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാന കാർഷിക വികസന സമിതിയോഗം ചേർന്നിട്ടില്ല. കൂട്ടുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | എല്ലാ ജില്ലകളിലും ജില്ലാ കാർഷിക വികസന സമിതി രൂപീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; എങ്കിൽ 2021 മെയ് മാസത്തിന് ശേഷം നാളിതുവരെ ഓരോ ജില്ലയിലും എത്ര യോഗങ്ങൾ വീതം ചേർന്നുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്ത് 14 ജില്ലകളിലും ജില്ലാ കാർഷിക വികസന സമിതി രൂപീകരിച്ചിട്ടുണ്ട്. 2021 മെയ് മാസത്തിനുശേഷം ചേർന്ന യോഗങ്ങളുടെ ജില്ലതിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. |

| ജില്ല | യോഗങ്ങളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 2 |
| കൊല്ലം | 1 |
| പത്തനംതിട്ട | 3 |
| ഇടുക്കി | 3 |
| ആലപ്പുഴ | 3 |
| കോട്ടയം | 2 |
| എറണാകുളം | 3 |
| തൃശ്ശൂർ | 2 |
| പാലക്കാട് | 4 |
| മലപ്പുറം | 2 |
| കോഴിക്കോട് | 3 |
| വയനാട് | 5 |
| കണ്ണൂർ | 2 |
| കാസർഗോഡ് | 4 |

| | | | |
|---|---|---|---|
| (സി) | എല്ലാ പഞ്ചായത്തുകളിലും കാർഷിക വികസന സമിതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഓരോ | (സി) | ഉണ്ട്, എല്ലാ പഞ്ചായത്തുകളിലും കാർഷിക വികസന സമിതികൾ യോഗം ചേരുന്നതായി ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | പഞ്ചായത്തിലും പ്രസ്തുത സമിതി യോഗങ്ങൾ ചേരാറുണ്ടോ; വിശദമാക്കാമോ; | | |
| (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കണ്ണൂർ ജില്ലാ കാർഷിക വികസന സമിതി എത്ര യോഗങ്ങൾ ചേർന്നുവെന്നും എന്തെല്ലാം തീരുമാനങ്ങളെടുത്തുവെന്നും വിശദമാക്കാമോ; | (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കണ്ണൂർ ജില്ലാ കാർഷിക വികസന സമിതി 07.10.2021, 12.08.2022 തീയതികളിൽ 2 യോഗങ്ങൾ ചേർന്നിട്ടുണ്ട്.<br><br>07.10.2021-ൽ കണ്ണൂർ ജില്ലാതല കാർഷിക സമിതിയിൽ എടുത്ത തീരുമാനങ്ങൾ<br><br>1) കണ്ണൂർ ജില്ലയുടെ വിവിധ പ്രദേശങ്ങളിൽ വന്യമൃഗങ്ങൾ കൃഷിയിടങ്ങളിലേയ്ക്ക് ഇറങ്ങി വരുന്നത് മൂലം നിരവധി പേർക്ക് ജീവൻ നഷ്ടപ്പെടുകയും വ്യാപകമായി കൃഷിനാശവും ഉണ്ടാകുന്നുമുണ്ട്. വന്യമൃഗങ്ങളെ അവരുടെ ആവാസ വ്യവസ്ഥയിൽ തന്നെ സംരക്ഷിച്ച് നിർത്തുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണം. വനത്തിനുള്ളിൽ ജലസ്രോതസ്സുകളുടേയോ മറ്റ് ഭക്ഷ്യവസ്തുക്കളുടെയോ കുറവുണ്ടെങ്കിൽ ആയത് പരിഹരിക്കുന്ന തിനുള്ള നടപടികൾ സ്വീകരിക്കണം.<br><br>2) കർഷകന് തന്റെ സ്വന്തം കൃഷിയിടങ്ങളിൽ മുള്ളു വേലി ഉപയോഗിച്ച് ഫെൻസിംഗ് നിർമ്മിക്കുന്നതിന് കർഷകർക്ക് ചെലവിന്റെ 50% സബ്സിഡി അനുവദിക്കുക. ഇരുമ്പ് കമ്പി കൊണ്ടുള്ള ഫെൻസിംഗ് ആണെങ്കിൽ വന്യമൃഗങ്ങളിൽ നിന്നും വിളകളെ സംരക്ഷിക്കാൻ സാധിക്കും. ഭൂരിപക്ഷം കർഷകർക്കും ഇതിന്റെ ഗുണം ലഭിക്കും<br><br>3) ജില്ലാതല കാർഷിക വികസന സമിതിയുടെ യോഗത്തിന് വരുന്ന അംഗങ്ങൾ കൂടുതൽ പേരും 30 ഉം 40 ഉം കിലോമീറ്റർ യാത്ര ചെയ്താണ് യോഗത്തിന് എത്തുന്നത്. വിദൂര സ്ഥലങ്ങളിൽനിന്നും മീറ്റിംഗ് കഴിഞ്ഞ് പോകുമ്പോഴേയ്ക്കും 1 ദിവസം പൂർത്തിയാകും. ആയതിനാൽ അംഗങ്ങളുടെ സിറ്റിംഗ് ഫീസ് 100 രൂപയിൽ നിന്ന് 500 രൂപയായി ഉയർത്തണം.<br><br>12.08.2022-ൽ കണ്ണൂർ ജില്ലാതല കാർഷിക സമിതിയിൽ എടുത്ത നിർദ്ദേശങ്ങൾ<br><br>1.വന്യജീവി ശല്യം പരിഹരിക്കുന്നതിന് ഫലപ്രദമായ നടപടികൾ വേണം.<br><br>2.പ്രകൃതിക്ഷോഭം, ക്രോപ്പ് ഇൻഷുറൻസ്, എന്നിവയുടെ കുടിശ്ശിക തുക വിതരണം ചെയ്യണം.<br><br>3.നാഷണൽ ഹൈവേ വീതി കൂട്ടുന്നത് മൂലം നെൽകൃഷി ഭൂമി വ്യാപകമായി നഷ്ടപ്പെടുന്നു. ഇതിന് പരിഹാരം വേണം. |

| | | | |
|---|---|---|---|
| | | | 4.കൃഷി ഭവനുകളിൽ കൃഷി ഓഫീസർമാർ, കൃഷി അസിസ്റ്റന്റുമാർ എന്നിവരുടെ ഒഴിവുകൾ ഉണ്ട്. ഇതിന് അടിയന്തിരമായി പരിഹാരം വേണം.<br><br>5.മണ്ണ് സാമ്പിൾ ടെസ്റ്റിംങ് ഊർജ്ജിതപ്പെടുത്തണം. |
| (ഇ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കുത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള പഞ്ചായത്തുകളിൽ കാർഷിക വികസന സമിതി എത്ര തവണ യോഗങ്ങൾ ചേർന്നുവെന്നും പുതിയ നിർദ്ദേശങ്ങൾ മുന്നോട്ട് വെച്ചിട്ടുണ്ടോയെന്നും ആയത് നടപ്പിലായിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ? | (ഇ) | കുത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള പഞ്ചായത്തുകളിലെ കാർഷിക വികസന സമിതി യോഗങ്ങളും നിർദ്ദേശങ്ങളും സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം**</u>

| ക്രമ നം. | കൃഷി ഭവൻ | യോഗങ്ങളുടെ എണ്ണം | നിർദ്ദേശങ്ങൾ | |
|---|---|---|---|---|
| 1 | പാട്യം | 8 | നിർദ്ദേശങ്ങൾ ഇല്ല | |
| 2 | കുന്നോത്തുപറമ്പ് | 3 | പുതിയ നിർദ്ദേശങ്ങൾ ഇല്ല | |
| 3 | കോട്ടയം മലബാർ | 4 | (1) | നടീൽ വസ്തുക്കൾ സമയബന്ധിതമായി വിതരണം ചെയ്യാൻ ആവശ്യമായ ക്രമീകരണങ്ങൾ വാർഡ് അടിസ്ഥാനത്തിൽ നടത്തുക. |
| | | | (2) | VFPCK സൗജന്യമായി വിതരണം ചെയ്യുന്ന പച്ചക്കറി വിത്തിന്റെ ഗുണനിലവാരം കുറഞ്ഞതായതിനാൽ ആയത് പരിഹരിക്കുക. |
| | | | (3) | കൃഷി ഭവനുകളിൽ സ്ഥിരം ജീവനക്കാരെ നിയമിക്കുക. |
| | | | (4) | പുതിയ കർഷക പെൻഷൻ ഉടനടി സർക്കാർ തലത്തിൽ അംഗീകരിച്ച പെൻഷൻ ഉറപ്പ് വരുത്തുക. നിർദ്ദേശങ്ങൾ നടപ്പിലാക്കി വരുന്നു. |
| 4 | മാങ്ങാട്ടിടം | 6 | | നിർദ്ദേശം ഇല്ല |
| 5 | തൃപ്പങ്ങോട്ടൂർ | 6 | | പുതിയ നിർദ്ദേശങ്ങൾ മുന്നോട്ട് വച്ചിട്ടുണ്ട്. ആയത് നടപ്പിലാക്കാനുള്ള ശ്രമങ്ങൾ നടന്നു വരുന്നു. |
| 6 | കൂത്തുപറമ്പ് | 6 | | സുഭിക്ഷ കേരളം, ഞങ്ങളും കൃഷിയിലേക്ക് എന്നീ പദ്ധതികളുടെ ഭാഗമായി കൂടുതൽ സ്ഥലങ്ങളിൽ കൃഷി വ്യാപിപ്പിക്കാനും യുവജനങ്ങളെ കൃഷിയിലേക്ക് കൂടുതലായി ഉൾപ്പെടുത്താനും സ്കൂളുകളിലും പച്ചക്കറി കൃഷി നിർബന്ധമാക്കാനും നിർദ്ദേശമുണ്ടായി. ആയത് നടപ്പിലാക്കിയിട്ടുണ്ട്. |
| 7 | ചിറ്റാരിപ്പറമ്പ് | 6 | | നിർദ്ദേശങ്ങൾ ഇല്ല. |